**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2761** **22-01-2021 - ൽ മറുപടിയ്ക്ക്**

**പക്ഷിപ്പനി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പാറക്കൽ അബ്ദുല്ല | | **Shri. K Raju**<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | കോട്ടയത്തും കുട്ടനാട്ടിലും ഈ വർഷം നിലവിൽ പക്ഷിപ്പനി സ്ഥിരീകരിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് ആലപ്പുഴ ജില്ലയിലെ തകഴി, തലവടി(നെടുമുടി), കരുവാറ്റ, പള്ളിപ്പാട് എന്നീ സ്ഥലങ്ങളിലും, കോട്ടയം ജില്ലയിലെ നീണ്ടൂരിലുമാണ് പക്ഷിപ്പനി സ്ഥിരീകരിച്ചത്. |
| (ബി) | 2014, 2016 വർഷങ്ങളിൽ സംസ്ഥാനത്ത് പക്ഷിപ്പനി വരുത്തിയ നാശനഷ്ടം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | 2014 ലും 2016 ലും സംസ്ഥാനത്ത് പക്ഷിപ്പനി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. 2014 ൽ 328 കർഷകർക്ക് താറാവുകൾ നഷ്ടപ്പെട്ട ഇനത്തിൽ 4,19,36,350/- രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. 2016 പക്ഷിപ്പനിയിൽ ആലപ്പുഴ ജില്ലയിലെ 97 കർഷകരുടേയും കോട്ടയം ജില്ലയിലെ 41 കർഷകരുടേയും ആകെ 7,45,345 താറാവുകളെ കൾ ചെയ്തതിന്റെയും 1,52,313 മുട്ടകൾ നശിപ്പിച്ചതിന്റെയും നഷ്ടപരിഹാരമായി 11,83,73,865/- രൂപ നൽകിയിട്ടുണ്ട്. |
| (സി) | പക്ഷിപ്പനി വൈറസുകളിൽ ജനിതകമാറ്റം സംഭവിക്കുന്നതനുസരിച്ച് അവ മാരകമാകുന്നതിനും മനുഷ്യരിലേക്ക് പകരുന്നതിനും സാധ്യതയുണ്ടെന്ന വിലയിരുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | പക്ഷിപ്പനി ഒരു വൈറസ് രോഗമാണ് ഇൻഫ്ലുവൻസ ടൈപ്പ് എ എന്ന ഒരു വൈറസാണ് ഈ രോഗം പരത്തുന്നത്. ഈ വൈറസിന് പല വകഭേദങ്ങളുണ്ട്. വകഭേദങ്ങളുടെ വ്യത്യാസം അനുസരിച്ച് ഇവ മാരകമാവുകയോ മനുഷ്യരിലേക്ക് പകരുകയോ ചെയ്യാം. ഇപ്പോൾ സ്ഥിരീകരിച്ചത് H5N8 വൈറസാണ്. ഇവ മനുഷ്യരിലേക്ക് ഇതുവരെ പടർന്നിട്ടില്ല. |
| (ഡി) | എങ്കിൽ പക്ഷിപ്പനി പ്രതിരോധത്തിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | (ഡി) | രോഗപ്രതിരോധത്തിന്റെ ഭാഗമായി രോഗത്തിന്റെ പ്രഭവ കേന്ദ്രത്തിനു 1 കി.മീ. ചുറ്റളവിലുള്ള പക്ഷികൾ, തീറ്റ, മുട്ട എന്നിവ ദ്രുതകർമ്മസേനയുടെ സഹായത്താൽ നശിപ്പിക്കുകയുണ്ടായി. ഇപ്രകാരം, പക്ഷിപ്പനിയുമായി ബന്ധപ്പെട്ട് 57687 പക്ഷികൾ, 32592 മുട്ടകൾ, 5078 കിലോഗ്രാം തീറ്റയും നശിപ്പിച്ചു. ഇതുകൂടാതെ 25,265 പക്ഷികൾ പക്ഷിപ്പനിയുമായി ബന്ധപ്പെട്ട് മരണമടയുകയും ചെയ്തിട്ടുണ്ട്. പക്ഷിപ്പനിയുമായി ബന്ധപ്പെട്ട കള്ളിംഗ് |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾ എല്ലായിടത്തും 05/01/2021 ന് ആരംഭിക്കുകയും 08/01/2021 ന് അണുനശീകരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ ഈ വിവരം കേന്ദ്ര സർക്കാരിനെ അറിയിക്കുകയും കേന്ദ്ര സർക്കാരിന്റെ നിർദ്ദേശപ്രകാരം 10 കി.മീ. വരെ ചുറ്റളവിൽ രോഗനിരീക്ഷണവും 90 ദിവസത്തേക്ക് ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ